# ഖിലാഫത്തും മുജദ്ദിദിയ്യത്തും- മൗലവി ഉമർസാഹിബിനു ഒരു മറുപടി

## Khilafath And Mujaddidiyath: A Reply To Maulavi Umar Sahib Of Qadian

(2010 ഡിസംബർ ലക്കം 'സത്യദൂതനിൽ', സദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാനിൽ 'നായിബു നാസിർ അഅ്ല' യായി സേവനം അനുഷ്ടിക്കുന്ന മൗലാനാ മുഹമ്മദ് ഉമർ സാഹിബു H.A. ഒരു ലേഖനം എഴുതുകയുായി ആ ലേഖനത്തിൽ, 'മഹ്ദിമസിഹിനാൽ സ്ഥാപിതമായ സജീവമായ ഖിലാഫത്ത് വ്യവസ്ഥയുായിരിക്കെ മുജദ്ദിദുമാരുടെ ആഗമനം അപ്രസക്തമാണ് ' എന്നു വാദിച്ചു. ഹിജ്റ പതിനഞ്ചാം നൂറ്റാിലെ മുജദ്ദിദായി അല്ലാഹു തന്നെ തെരഞ്ഞെടുത്തു എന്നു വാദിക്കുന്ന, 'ജമാഅത്തുസഹീഹിൽ ഇസ്ലാം'സ്ഥാപകർ ഹസ്രത്ത് ഖലീഫത്തുല്ലാ മുനീർ അഹ്മദ് അസീം സാഹിബ് എഴുതിയ മറുപടി.)

മൗലവി സാഹിബ് തന്റെ ലേഖനത്തിൽ വിശുദ്ധ ഖുർ ആനിൽ 24-ാം സൂറത്തിലെ 56-ാം വചനത്തെ ഉദ്ധരിക്കുന്നു. "നിങ്ങളിൽ നിന്നു വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ടിക്കുകയും ചെയ്യുന്നവരോടു അവരെ അവർക്ക് മുമ്പുായിരുന്നവരെ ഖലീഫമാരാക്കിയതുപോലെ ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി താൻ തൃപ്തിപ്പെട്ടിട്ടുള്ള മതത്തെ അവർക്ക് ബലപ്പെടുത്തികൊടുക്കുകയും അവരുടെ ഭയത്തിനു ശേഷം അവരെ സമാധാനത്തിലാക്കുകയും ചെയ്യുമെന്നു അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെ മാത്രം ആരാധിക്കുകയും എന്നോടു മറ്റൊന്നിനേയും പങ്കുചേർക്കാതിരിക്കുകയും ചെയ്യേതാണ്. അതിനുശേഷം ഏതൊരാൾ അവിശ്വസിക്കുന്നുവോ, അവർ അതിക്രമകാരികളാകുന്നു."

ഈ ഖുർ ആനിക വചനത്തിൽ, അല്ലാഹു (ത) ഏതുതരം ഖലീഫയെകുറിച്ചാണ് പറഞ്ഞിരിക്കുന്നതു ? മസീഹിന്റെ ഖലീഫയെപ്പറ്റിയോ അതോ അല്ലാഹുവിന്റെ ഖലീഫയെപ്പറ്റിയോ? ഈ വചനത്തിൽ, "അവരെ അവർക്കുമുമ്പുായിരുന്നവരെ ഖലീഫമാരാക്കിയതുപോലെ ഭൂമിയിൽ ഖലീഫമാരാക്കും" എന്നു അല്ലാഹു പറഞ്ഞിരിക്കുന്നു. "അവർക്കു മുമ്പുണ്ടായിരുന്നവരെ ഖലീഫമാരാക്കിയതുപോലെ " എന്നു അല്ലാഹു പറഞ്ഞിരിക്കുന്നതു ഏതുതരം ഖലീഫമാരെക്കുറിച്ചാണ് ? അഹ്മദീമൗലാന ഈ ചോദ്യത്തിനു ഉത്തരം പറയണമെന്നു ഞാനാഗ്രഹിക്കുന്നു.

മരിച്ചുപോയ മസീഹിന്റെ കുടുംബത്തിലെ ഒരു ചെറിയ വിഭാഗത്തിൽ നിന്നു, വംശപാരമ്പര്യം നിലനിർത്താനായി, അനുചരന്മാരെ ഒരു മേശയ്ക്കുചുറ്റും ഒരുമിച്ചുകൂട്ടി, അവർക്കിഷ്ടമുള്ള ഒരാളെ ഖലീഫയായി തെരഞ്ഞെടുക്കുക. അങ്ങനെ മനുഷ്യർ തെരഞ്ഞെടുക്കുന്ന ഖലീഫമാരെപ്പറ്റിയാണോ മുകളിൽ പ്രസ്താപിച്ചിരിക്കുന്നതു ? അതോ, അല്ലാഹു (ത) പരാമർശിച്ചിരിക്കുന്നത്, അവൻ തന്നെ തെരഞ്ഞെടുത്തു അയയ്ക്കുന്നവരെകുറിച്ചാണോ ? അതോ എപ്പോഴൊക്കെ മനുഷ്യർ വഴിതെറ്റുകയും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്നു വ്യതിചലിക്കുകയും ദൈവീകാനുഗ്രഹങ്ങൾ നേടാനുള്ള മാധ്യസ്ഥന്മാരായി തങ്ങൾ തെരഞ്ഞെടുത്ത ഖലീഫമാരെ കരുതുകയും, അങ്ങനെ ആ ഖലീഫമാർ, അധികാരവും പ്രാമാണികതയും ആസ്വദിച്ചുകൊ്, അധികാരശക്തിമുഴുവൻ കുടുംബബന്ധുക്കളിൽ മാത്രം കൈയൊതുക്കുവാൻ തയ്യാറാവുകയും ചെയ്യുന്നുവോ അപ്പോഴൊക്കെ അല്ലാഹു (ത) എഴുന്നേൽപ്പിക്കുന്ന ഖലീഫമാരെക്കുറിച്ചാണോ ഈ പ്രസ്താവന ?

ഈ മൗലവി ഉത്തരം പറയണം. "അവർക്കുമുമ്പുണ്ടായിരുന്നവരിൽ എഴുന്നേൽപ്പിക്കപ്പെട്ട ഖലീഫമാമാരുടെ പേരുകൾ എന്തൊക്കെയായിരുന്നു ? പരിശുദ്ധ ഖുർ ആനും തിരുനബി വചനങ്ങളും അടിസ്ഥാനമാക്കി ഉത്തരം പറയുക. ഈ ഖുർ ആനിക വചനത്തിൽ പരാമർശിച്ചിരിക്കുന്ന, "അവർക്കുമുണ്ടായിരുന്നവരിൽ ഉായ ഖലീഫമാർ, "തെരഞ്ഞെടുക്കപ്പെട്ടതെങ്ങനെ ? ഭൗതീകമായ വോട്ടിംഗ് വ്യവസ്ഥയിലൂടെ, ജനങ്ങളുടെ കരങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ഖലീഫമാർ ആയിരുന്നുവോ അവർ ? ജനങ്ങൾ തങ്ങളുടെ ഖലീഫമാരെ ലൗകീകവ്യവസ്ഥ അനുസരിച്ചു തെരഞ്ഞെടുപ്പിലൂടെ കത്തെുന്ന രീതി മുമ്പു ഉായിരുന്നോവോ?

താങ്കൾ'ഉലൂൽ അൽബാബു' ആണെങ്കിൽ, ദൈവീക മാർഗ്ഗദർശത്തെക്കുറിച്ചു എല്ലാം അറിയാം എന്നു ധരിക്കുന്ന മനുഷ്യാ, അല്ലാഹു (ത) താങ്കളുടെ കണ്ണുകളിൽ നിന്നു അജ്ഞതയുടെ ആവരണങ്ങൾ എടുത്തു കളയട്ടെ. താങ്കളുടെ ലേഖനത്തിൽ ഉദ്ധരിച്ച 'സൂറത്തുന്നൂറി'ൽ പരാമർശിക്കുന്ന യഥാർത്ഥ 'നൂർ' (പ്രകാശം) കാണാൻ താങ്കൾക്കു കഴിയട്ടെ. ഖലീഫത്തുല്ല എന്ന നിലയിൽ, ഈ മഹദ്സ്ഥാനത്തേക്ക് അല്ലാഹു (ത) താൻ തന്നെ നേരിട്ടു തെരഞ്ഞെടുത്ത് വലിയ ഉത്തരവാദിത്വങ്ങൾ ഏൽപ്പിച്ചിരിക്കുന്ന ആൾ എന്ന നിലയിൽ, അല്ലാഹു (ത) 'ഖുർ ആൻ മജീദി'ൽ പരാമർശിക്കുന്ന ഖിലാഫത്ത് വ്യവസ്ഥയുടെ അന്തസത്തയെന്തെന്ന് ഞാൻ വിശദീകരിയ്ക്കാം

ഇസ്ലാമിലെ ഏറ്റവും പ്രധാനപ്പെട്ട തത്വങ്ങളിൽ ഒന്നിനെക്കുറിച്ചുള്ളതാണ് ഈ വചനം. ഈ വചനം ഉൾപ്പെടുന്ന 'സൂറത്തുന്നൂർ ' സവിശേഷതകൾ ഉള്ള ഒരദ്ധ്യായമാണ്. മറ്റു ഖുർ ആനിക അദ്ധ്യായങ്ങളെ അപേക്ഷിച്ചു, ഈ അദ്ധ്യായത്തിൽ, ധാർമികവും സാമൂഹികവും രാഷ്ട്രീയവും ആയ പ്രാധാന്യങ്ങളുള്ള നിരവധി പ്രശ്നങ്ങളെക്കുറിച്ചു, ഇസ്ലാമിക വീക്ഷണത്തിലുള്ള മാർഗ്ഗദർശനം നൽകപ്പെട്ടിരിക്കുന്നു. ചില മുൻ അദ്ധ്യായങ്ങളിൽ, ഇസ്ലാമിന്റെ ശുഭകരവും വിജയകരവും ആയ ഭാവിയെപ്പറ്റി വിവരിക്കുന്നു. എന്നാൽ, ഈ അദ്ധ്യായത്തിൽ, നമുക്കായി വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന ശോഭനമായ ഭാവി എങ്ങനെ നടപ്പിൽ വരും എന്നു പറഞ്ഞിരിക്കുന്നു. ഇസ്ലാമിന്റെ ആദ്ധ്യാത്മികവും രാഷ്ട്രീയവുമായ മേൽ കോയ്മ സ്ഥാപിക്കുന്നതിനുള്ള സംവിധാനം അല്ലാഹുവിന്റെ ഖലീഫയിലൂടെയാണ് നടപ്പിൽ വരികയെന്ന സൂചന 36-ാം വചനത്തിൽ ലീനമായിരിക്കുന്നു. 56-ാം വചനത്തിലാകട്ടെ, ഖലീഫത്തുല്ല (അല്ലാഹുവിന്റെ ഖലീഫ) എന്ന വിഷയം വളരെ വ്യക്തമായും അർത്ഥശങ്കയ്ക്കിടയില്ലാതെയും വിശദമാക്കപ്പെട്ടിരിക്കുന്നു. എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ, ഈ ഖുർ ആനികവചനങ്ങൾ (വാഗ്ദത്തമസീഹിന്റെ വാക്കുകളും) തങ്ങളുടെ ഖലീഫമാരായി ജനങ്ങൾ തെരഞ്ഞെടുത്തവർക്കുവേണ്ടിയുള്ളതാണെന്നു അഹ്മദികൾ കരുതുന്നു.

56-ാം വചനത്തിനുതൊട്ടുമുമ്പുള്ള ചില വചനങ്ങൾ (52 മുതൽ 55 വരെ) ഈ വിഷയത്തിലേക്കു ക്രമേണ പുരോഗമിക്കുന്ന രീതിയിലുള്ളതാണ്. അല്ലാഹുനോടും തിരുദൂതർ (സ) രോടും ഉള്ള അനുസര ണത്തിന്റെ പ്രാധാന്യം തുടർച്ചയായി എടുത്തു പറഞ്ഞിരിയ്ക്കുന്നു. ഇസ്ലാമിൽ അല്ലാഹുവിന്റെ ഖലീഫ ക്കുള്ള സ്ഥാനഗരീമയും പദവിയും അനാവരണം ചെയ്യുന്നത്രേ ഈ എടുത്തുപറയാൻ  അല്ലാഹുവിന്റെ ഖലീഫ എന്ന നിലയിൽ, (ജനങ്ങൾ തെരഞ്ഞെടുത്ത ഖലീഫയല്ല), ഞാൻ അല്ലാഹുവിനോടും അവന്റെ തിരുദൂതരോടും (സ) അനുസരണം പുലർത്തണം.

ഈ ഖുർ ആനിക വചനം വേറേയും കാര്യങ്ങൾ പറയുന്നു്. ഈ വാഗ്ദാനത്തിന്റെ പൂർത്തീകരണം മുസ്ലീംങ്ങൾ പൊതുവിൽ സൽക്കർമ്മങ്ങൾ അനുഷ്ടിക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. ദൈനംദിന പ്രർത്ഥനകളും 'സക്കാത്ത് ' നൽകയും ദൈവദൂതരോടു പരിപൂർണ്ണ അനുസരണം എല്ലാമതപരവും ഭൗതികവും ആയ കാര്യങ്ങളിൽ കാട്ടുന്നതും അവയിൽ ഉൾപ്പെടുന്നു. ഈ നിബന്ധനകൾ ഒക്കെ പാലിക്കപ്പെടുമ്പോൾ, അല്ലാഹുവിന്റെ ഖലീഫയെ അല്ലാഹു (ത) തന്നെ നിയമിക്കും. അവരെ സമുദായ ത്തിന്റെ നേതാക്കന്മാരാക്കും, അവരുടെ ഭയത്തിനുശേഷം അവർക്കു സുരക്ഷ നൽകപ്പെടും.

ഇസ്ലാം എല്ലാ തത്ത്വചിന്തകൾക്കും മേൽ വിജയം കൈവരിക്കും. എല്ലാത്തിനും പുറമേ, ദൈവത്തിന്റെ ഏകത്വം ഇസ്ലാമിവന്റെ യഥാർത്ഥ ലക്ഷ്യം-വളരെ വ്യക്തമായി സ്ഥാപിക്കപ്പെടും.

അല്ലാഹുവിന്റെ ഖിലാഫത്തിന്റെ സ്ഥാപനം ഉാകുമെന്നു വാഗ്ദാനത്തിന്റെ പൂർത്തീകരണം ഖലീഫ ത്തുല്ലായുടെ വരവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നകാര്യം വ്യക്തവും അസന്നിഗ്ദ്ധവും ആണ്. മുഴുവൻ മാവനരാശിയുടേയും മാർഗ്ഗദർശി പ്രവാചക പ്രഭു (സ) ആയതുകൊു, അവസാനകാലം വരേയും അദ്ദേഹത്തിന്റെഖിലാഫത്തു, ഒരു രീതിയിൽ അല്ലെങ്കിൽ മറ്റു രൂപത്തിൽ, തുടർന്നുകൊിരിക്കും. മറ്റ് ദൈവദൂതന്മാർക്കും സന്ദേശവാഹകർക്കും മുകളിൽ മുഹമ്മദ് നബി (സ) യുടെ വ്യതിരിക്തമായ സ്ഥാന ഗരീമയെ പ്രതീകവൽക്കരിക്കുന്നതാണ് ഈ അനുഗ്രഹം. മുനീർ അഹ്മദ് അസീം എന്ന വ്യക്തിയിലൂടെ നമ്മുടെ നൂറ്റ് സാക്ഷ്യം വഹിക്കുന്നത് നബിതിരുമേനിയുടെ ഖലീഫത്തുല്ലായെ ആണ്.

വിശുദ്ധ ഖുർആൻ മൂന്നുതരത്തിലുള്ള ഖലീഫമാരെക്കുറിച്ച് പ്രതിപാദിക്കുന്നു. വിശുദ്ധ ഖുർആന്റെ പാഠങ്ങൾക്കനുസൃതമായി ഈ മൂന്നു വിഭാഗം ഖലീഫമാരെയുംപറ്റി വിശദമാക്കുവാൻ ഞാൻ ഈ മുല്ലാക്കളോടു ആവശ്യപ്പെടുകയാണ്. ഈ ഖലീഫമാർ ജനങ്ങൾ തെരഞ്ഞെടുക്കുന്നവരാണോ അതോ അല്ലാഹു (ത) വെളിപാടുകൾ ഇറക്കി സ്വയം തെരഞ്ഞെടുക്കുന്നവരാണോ എന്നു പ്രത്യേകം വ്യക്തമാക്കുക.

ഖലീഫത്തുല്ലായും മുജദ്ദിദും ഖലീഫത്തുൽ മസിഹിനെ മരിച്ചുപോയ മസിഹിന്റെ ഖലീഫയെ- പിന്തുടരണമെന്നാണ് താങ്കൾ വ്യംഗ്യമായി സൂചിപ്പിക്കുന്നതെങ്കിൽ, അഥവാ മനുഷ്യർ തെരഞ്ഞടുത്ത അഹ്മദിയ്യാ ഖിലാഫത്ത് നിലകൊള്ളുമ്പോൾ ഒരു മുജദ്ദിദ് വരേ ആവശ്യമില്ലായെന്നാണ് താങ്കളുടെ വാദമെങ്കിൽ, ഈ ആശയത്തിന്റെ അടിസ്ഥാനം വിശുദ്ധഖുർആന്റെയും തിരുവചനങ്ങളുടെയും വെളിച്ചത്തിൽ വ്യക്തമാക്കുക. സൂചികയും വിശദീകരണവും നൽകുക!

മനുഷ്യർ തെരഞ്ഞെടുത്ത ഒരു ഖലീഫയാണോ, അല്ലാഹുവിന്റെ കണ്ണുകളിൽ, കൂടുതൽ ബഹുമാന്യ തയ്ക്കർഹൻ ? അതോ, അല്ലാഹു (ത) നേരിട്ടു തെരഞ്ഞെടുത്ത ഒരു ഖലീഫയാണോ, അല്ലാഹുവിന്റെ കണ്ണുകളിൽ കൂടുതൽ ബഹുമാന്യതയ്ക്കർഹൻ ? ഇസ്ലാമിന്റെ പുനരുദ്ധാരണത്തിനു മാനവരാശിയെ മുഴുവൻ ഏകദൈവ സിദ്ധാന്തത്തിലേക്കു നയിക്കുന്നതിനും ഒരു ഖലീഫത്തുല്ല ഉായിരിക്കുന്നതല്ലേ കൂടുതൽ പ്രാധാന്യമർഹിക്കുന്നത് ?

അഹ്മദിയ്യാ ജമാഅത്തിന്റെ ഇപ്പോഴത്തെ ഖലീഫ മസീഹിന്റെ അഞ്ചാം ഖലീഫയായി, തെരഞ്ഞെടുക്കപ്പെട്ടിട്ട് ഏഴ് വർഷം ആയിരിക്കുന്നു. ഈ ഏഴുവർഷകാലയളവിൽ അദ്ദേഹത്തിനു വെളിപാടുകൾ എന്തെങ്കിലും ഇറങ്ങിയോ ? ഇറങ്ങിയെങ്കിൽ, ആ വെളിപാടുകൾ വെളിപ്പെടുത്തുക. ഇല്ലെങ്കിൽ, എന്തു കൊു ?

അല്ലാഹുവിന്റെ ഖലീഫമാരുടേയും ആത്മീയ പുനരുദ്ധാരകരായ മുജദ്ദിദുമാരുടേയും വരവിന്റെ ലക്ഷ്യം, ശരി അത്തിന്റെ സംരക്ഷണവും വഴിതെറ്റിയ കുഞ്ഞാടുകളെ ദൈവീക പന്ഥാവിൽ വഴി നടത്തലും ആണെന്നു ഈ ഖുർ ആനിക വചനത്തിൽ നിന്നു മനസ്സിലാവുന്നു.

ഇന്നു, ലോകമെങ്ങുമുള്ള അഹ്മദികൾ തങ്ങളുടെ ഖലീഫത്തുൽ മസീഹിനെ ഒരു ബിംബമായി കരുതി 'ശിർക്ക് 'നടത്തുന്നു. അതുപോലെ, അറേബ്യൻ ജനത ബിംബാരാധനയിൽ ലയിച്ചിരിക്കുകയും ഇസ്ലാം വളരെ ബലഹീനമായിരിക്കുകയും ചെയ്ത കാലത്ത് അവതീർണ്ണമായ ഈ ഖുർ ആനിക വചനത്തിൽ ഒരു പ്രവചനം അടങ്ങിയിരിക്കുന്നു. അഹ്മദികൾ ഇപ്പോൾ, 'അല്ലാഹു (ത) ഇങ്ങനെ പറഞ്ഞിരിക്കുന്നു,' 'മുഹമ്മദ് നബി (സ) യുടെ തിരുവചനം ഇങ്ങനെ പറയുന്നു' എന്നു ചിന്തിക്കാറില്ല. അവരെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രാധാന്യം അർഹിക്കുന്ന കാര്യം, അവർ വോട്ടുനൽകി, നേതാവായി ഇരുത്തിയിരിക്കുന്ന ഖലീഫയുടെ നിർദ്ദേശങ്ങളും വാക്കുകളും ആണ്. തീർച്ചയായും, ഈ മുല്ലാക്കളുടെ കാലിനടിയിൽ, ഇസ്ലാമിന്റെ വിശുദ്ധ പാഠങ്ങൾ ചവിട്ടിമെതിക്കപ്പെട്ടിരിക്കുന്നു. ഈ മുല്ലാക്കളാകട്ടെ, അവരുടെ തന്നെ ആത്മീയപുരോഗതിക്കായി അല്ലാഹു (ത) അയച്ച ഖലീഫയെ നിഷേധിക്കുകയും, അവർ തെരഞ്ഞെടുത്ത ഖലീഫയെ ഒരു വൻ ശക്തിയായി കരുതുകയും ചെയ്തിരിക്കുന്നു.

ഇസ്ലാമിന്റെ ആദ്യകാലത്ത്, അറേബ്യമുഴുവൻ വളരെകുറച്ചു മുസ്ലീംങ്ങളെ ഉായിരുന്നുള്ളൂ. ഒരുപാടു പ്രശ്നങ്ങളെ അഭിമുഖീകരിച്ച അവർ തങ്ങളുടെ ജീവനെത്തന്നെ ഭയപ്പെട്ടു. എന്നിട്ടും ഈ ഖുർ ആനിക പ്രവചനം, ഒരു തലമുറയ്ക്കുള്ളിൽ, പൂർണ്ണമായും ഫലിച്ചു. വിഗ്രഹാരാധന അറേബ്യയിൽ നിന്നു മാഞ്ഞുപോയി. ഇസ്ലാം, അറേബ്യയ്ക്കുപുറമേ, ലോകത്തിലെ വൻ നഗരങ്ങളിലും സ്ഥാപിതമായി. മുഹമ്മദ് നബി (സ) യുടെ അനുചരസംഘം, ഒരു സമയത്തു മനുഷ്യ സമൂഹത്തിലെ ചികളായി കരുതപ്പെട്ടിരുന്നവർ, രാഷ്ട്ര തലവന്മാരും പ്രതിഭാധനരായ ചിന്തകരും ആയിമാറി.

"അതിനു ശേഷം, ഏതൊരാൾ അവിശ്വസിക്കുന്നുവോ, അവർ അതിക്രമകാരികളാകുന്നു" എന്ന ദൈവീകവാക്കുകൾ സൂചിപ്പിക്കുന്നത്, ഒരു ഖലീഫത്തുല്ലായുടെ വരവ് ഒരു വലിയ അനുഗ്രഹമാണ് എന്നാകുന്നു. (ഒരു വംശ പരമ്പരയിൽ വരുന്ന, ലൗകിക വ്യവസ്ഥയിലെ ഖലീഫയെപ്പറ്റി പരാമർശം) അല്ലാഹു (ത) അയയ്ക്കുന്ന ഒരു ഖലീഫയുടെ ആഗമനം ഇല്ലാതെ മുസ്ലീം സമൂഹത്തിൽ സാഹോദര്യം, യോജിപ്പ്, ഐക്യം എന്നിവ ഉാക്കിയെടുക്കുക എളുപ്പമല്ല. അല്ലാഹുവിന്റെ ദൂതനെ നിഷേധിച്ചു കൊണ്ട് ഐക്യം എന്നിവ ഉാക്കിയെടുക്കുക എളുപ്പമല്ല. അല്ലാഹുവിന്റെ ദൂതനെ നിഷേധിച്ചു കൊണ്ട് അവർക്ക് (നിങ്ങൾക്കും) പുരോഗതി പ്രാപിക്കാൻ സാദ്ധ്യമല്ല. മുസ്ലീംങ്ങൾ പൊതുവിലും അഹ്മദികൾ പ്രത്യേകിച്ചും ഈ നൂറ്റാിൽ അവതീർണ്ണനായ ഖലീഫത്തുല്ലായെ അറിയാൻ താൽപ്പര്യം കാട്ടുന്നില്ലെങ്കിൽ, അദ്ദേഹത്തെ നിരാകരിക്കുകയോ, അദ്ദേഹത്തിനു അനുസരണവും സഹായവും നിഷേധിക്കുകയോ ചെയ്താൽ, അവരിൽ നിന്നു ഈ വലിയ അനുഗ്രഹം എടുത്തുമാറ്റപ്പെടും. എന്നു മാത്രമല്ല, അവർ അല്ലാഹുവിന്റെ ക്രോധം അവരിലേക്ക് ആകർഷിക്കും.

അല്ലയോ മുല്ലാക്കളെ ! ഈ ഖുർ ആനിക വചനത്തിന്റെ സാരാംശം ഇതാണ്: ഇസ്ലാമിന്റെ അനുചരന്മാർക്കു ഈ ലോകത്തു രാജ്യഭരണവും മേധാവിത്വവും നൽകപ്പെടും. മാനവരാശിയുടെ ദാർശനിക നേതാക്കന്മാരായി അവർ ഉയർത്തപ്പെടും. ഇത് ആർക്കും മാറ്റിമറിക്കാനാവാത്ത, അല്ലാഹുവിന്റെ വിധിയാണ്. ഈ ദൈവീകവിധിയെ മാറ്റിമറിക്കാനുള്ള സത്യത്തിന്റെ എതിരാളികളുടെ എല്ലാ ശ്രമങ്ങളും പരാജയപെടും. അല്ലാഹുവിന്റെ ഒരു ഖലീഫയോ മുജദ്ദിദോ മുസ്ലീം ലോകത്ത് ഒരു ക്രിയാമകശക്തിയായി ഉണ്ടായിരിക്കുവോളം മുസ്ലീങ്ങൾ– അഹ്മദികൾപോലും– വിജയത്തിൽ നിന്നു വിജയത്തിലേക്കു മുന്നേറും.

ഞാൻ ഈ കാലത്തേയ്ക്കുള്ള മുജദ്ദിദ് ആകുന്നു. ദൈവീക നിർദ്ദേശപ്രകാരം, ഞാൻ മാത്രമാണ് ഈ നൂറ്റാിലേയ്ക്ക് അയയ്ക്കപ്പെട്ട മുജദ്ദിദ് എന്ന പ്രഖ്യാപനം വളരെ വ്യക്തമായി നടത്തിയിട്ടുള്ള താണ്. (കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് കാണുക).

ഈ നൂറ്റാിന്റെ തുടക്കത്തിൽ, 2001–ാം ആിൽ, എന്നെ അഹ്മദിയ്യാ ജമാ അത്തിന്റെ വ്യവസ്ഥയിൽ നിന്നു പുറത്താക്കുകയുായി. എന്തായിരുന്നു കാരണം ? എനിക്ക് ദൈവീക വെളിപാടുകൾ ഉാകുന്നു എന്നതുകൊുതന്നെ ദൈവീക വെളിപാടുകൾക്കുള്ള വാതിൽ ഇപ്പോഴും തുറന്നു തന്നെ കിടക്കുന്നു എന്നും അതന്ത്യനാൾവരെ അങ്ങനെതുടരുമെന്നും ഉറക്കെ പ്രഖ്യാപിയ്ക്കാൻ അഹ്മദിയ്യാ ജമാഅത്തു നൂറുവർഷത്തിലേറെയെടുത്തു. അല്ലാഹു (ത) താൻ തന്നെ തെരഞ്ഞെടുത്തു അയയ്ക്കുന്ന ഒരു ഖലീഫയുടെ ആവശ്യകത കുകൊു, ഭൂമിയിലെ മുസ്ലീംങ്ങളെ മാത്രമല്ല, മുഴുവൻ മാനവരാശിയേയും പരിഷ്കരിക്കുന്നതിനായി–എന്തുകൊന്നൊൽ ഖുർ ആന്റെയും തിരുനബി (സ) യുടേയു സന്ദേശം സാർവ്വലൗകികമാണ്– ഒരു ഖലീഫത്തുല്ലായെ അയച്ചു. അപ്പോൾ, ദൈവീകവെളിപാടുകൾ എല്ലാ കാലവും നമ്മോടൊപ്പം ഉാകു മെന്നു പ്രഖ്യാപനങ്ങൾ നടത്തിയവർ തന്നെ സുന്നി മുസ്ലീംങ്ങളുടേയും മറ്റുള്ളവരുടേയും കാൽപ്പാടുകൾ പിന്തുടർന്നുകൊ്, ഈ വാതിൽ അടച്ചിരിക്കുന്നു. അവരുടെ വാക്കുകൾക്കാകട്ടെ, യാതൊരു ഖുർ ആനികമോ ഇസ്ലാമികമോ ആയ അടിസ്ഥാനം ഇല്ലാതാനും

എന്നാൽ, വളരെ വ്യക്തമായും ഉറക്കയും ഞാൻ പ്രസ്താപിച്ചുകൊള്ളുന്നു. അല്ലാഹു (ത) ഖുർ ആനിൽ വ്യക്തമാക്കിയതുപോലെ, ദൈവീക വെളിപാടുകളുടെ വാതിൽ എപ്പോഴും തുറന്നു തന്നെ കിടക്കും. എന്റെ കാലശേഷവും ഈ പ്രക്രിയ തുടരും. ഓരോ കാലത്തേയ്ക്കും തെരഞ്ഞെടുക്കപ്പെടുന്ന ദൈവീക മനുഷ്യർ വരും. അല്ലാഹു (ത) അവരെ തെരഞ്ഞെടുക്കുകയും അവരിൽ വെളിപാടുകൾ ഇറക്കി ഇസ്ലാമിന്റെ മഹത്വത്തെ വീടെുക്കയും ചെയ്യും. അല്ലാഹുവിന്റെ ഖിലാഫത്ത് അവരവരുടെ കാലഘട്ടങ്ങളിൽ, ഇങ്ങനെ തെരഞ്ഞെടുക്കപ്പെട്ടവർ നടപ്പിൽവരുത്തും. അവസാനം എല്ലായിടത്തും ഇസ്ലാം അതിന്റെ പ്രകാശം പരത്തും. ഒരേയൊരുസമുദായം– 'ഉമ്മത്തെ വാഹിദ'–മാത്രം അവശേഷിയ്ക്കും.

ഭൂമിയിലെ ആത്മാക്കളെല്ലാം ഒത്തുചേർന്നു അല്ലാഹുവിന്റെ മഹത്വത്തെ പ്രകീർത്തിക്കുകയും അവന്റെ ഏകത്വത്തെ ഏറ്റുപറയുകയും ചെയ്യുന്ന ആ നാൾ വിദൂരമല്ല. എന്നാൽ, അതിനുമുമ്പ്, അല്ലാഹു (ത) തെരഞ്ഞെടുക്കുന്ന മറ്റുള്ളവർ എത്തും. ആത്യന്തിക വിജയത്തിനായി അവരുടെ സംഭാവനകൾ അവർ നൽകും.

"തീർച്ചയായും, നമ്മുടെ ദാസരായ ദൂതന്മാർക്ക് നാം വാക്ക് നൽകിയിരിക്കുന്നു. അവർ തന്നെയാണ് സഹായിക്കപ്പെടുക. നമ്മുടെ ഭടന്മാർക്കാണ് മേൽകൈ ലഭിക്കുക." (37:172–174)

തീർച്ചയായും, ഞാൻ തന്നെയാണ് ഈ നൂറ്റാിലേക്കുള്ള ഏക ഖലീഫത്തുല്ല. ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ഒരേയൊരു ദാസൻ. അല്ലാഹു (ത) എന്നെ മുജദ്ദിദ് ആയും അയച്ചിരിക്കുന്നു. എന്നാൽ, 'ഉലമാ'ക്കളും അവരുടെ അഹ്മദിയ്യ, ഖലീഫയും ഈ കാലത്തെ മറ്റു മുസ്ലീം'ഉലമാ'ക്കളും ദൈവീക പ്രവാചകന്മാർ അയയ്ക്കപ്പെടുന്ന കാലഘട്ടങ്ങളിൽ നടക്കപ്പെടുന്നതുപോലെ–എന്നെ അംഗീകരിക്കാൻ വിസമ്മതിച്ചിരിക്കുന്നു. അല്ലഹു (ത) എന്നെ മുജദ്ദിദിന്റെ വേഷം അണിയിച്ചിരിക്കുന്നു. ഞാൻ മനുഷ്യരുടെ കൈകളാൽ തെരഞ്ഞെടുക്കപ്പെട്ടവനല്ല. തീർച്ചയായും, ഞാൻ ഈ കാലത്തേയ്ക്കു മുജദ്ദിദ് ആകുന്നു. ("അനൽ മുജദ്ദിദോ").

ഈ വിനീതൻ മുജദ്ദിദും ഖലീഫത്തുല്ലായും ഒരർത്ഥത്തിൽ നബിയും ആയി അയയ്ക്കപ്പെട്ടിരിക്കുന്നു എന്നതും ശരിയാണ്. ഞാൻ ഒരു പരിപൂർണ്ണ പ്രവാചകനല്ല, എന്നാൽ ഭാഗീകമായി അങ്ങനെ തന്നെ, ഒരു പ്രവാചകൻ തന്നെ എന്തുകൊ് ? പ്രതാപവാനായ അല്ലാഹു (ത) എന്നോട് സംസാരിക്കുന്നു. എനിക്ക് അവനിൽ നിന്നി സന്ദേശങ്ങൾ ലഭിക്കുന്നു. ദൈവീകരഹസ്യങ്ങൾ എനിക്ക് വെളിപ്പടുത്തപ്പെടുന്നു. ദൈവീക ദൂതന്മാർക്കും പ്രവാചകന്മാർക്കും ലഭിക്കുന്ന വെളിപാടുകൾ ശയ്ത്താന്റെ ഇടപെടലുകളിൽ നിന്നും മുക്തമാണ്. അതുപോലെ തന്നെ, എനിക്ക് ലഭിക്കുന്ന വെളിപാടുകളും മുക്തമാണ്.

ഈ കാര്യങ്ങൾ അറിഞ്ഞുമനസ്സിലാക്കുവാൻ അല്ലാഹു (ത) താങ്കളെ സഹായിക്കട്ടെ. നമ്മുടെ വിശ്വാസം ഭാഗീക പ്രവാചകത്വത്തിലേയ്ക്കുള്ള വഴികൾ എന്നും തുറന്നു കിടക്കും എന്നുതന്നെയാണ്. ഇത്തരം പ്രവാചകത്വത്തിൽ, ഭാവിയിലേക്ക് ഉറ്റുനോക്കുന്ന ശുഭ സൂചനകളും താക്കീതുകളും ആണ് ലഭിക്കുക. അല്ലെങ്കിൽ ഖുർ ആനിക വചനങ്ങളുടെ അർത്ഥതലങ്ങൾ. അതുമല്ലെങ്കിൽ, ദിവ്യജ്ഞാനത്തിലേക്ക് ഉൾക്കാഴ്ച നൽകപ്പെടുന്നു, മറ്റൊന്നും ഇല്ല (അതായത് പുതിയ 'ശരീഅത്തോ' പുതിയ 'ഖുർ ആനോ' ഉൾപ്പെടുന്നില്ല).

2010 മെയ്മാസം 26–ാം തീയതി എനിക്ക് ലഭിച്ച ഒരു വെളിപാട്. "പ്രവാചകത്വത്തിന്റെ രീതിയിലുള്ള ഖലീഫത്തുല്ല."

ജമാ അത്തു സഹീഹിൽ ഇസ്ലാം അംഗങ്ങളായ എന്റെ സഹോദരീ സഹോദരന്മാരെ, കുഞ്ഞുങ്ങളെ, ഞാൻ നിങ്ങളോട് ഉറപ്പിച്ചു പറയുന്നു. അല്ലാഹുവിനുവേ മരിയ്ക്കാൻ തയ്യാറാകുന്നവരെ, അല്ലാഹു മരിക്കാൻ അനുവദിക്കുകയില്ല. ത്യാഗത്തിന്റെ ആത്മാവിനെ തങ്ങളിലേക്കു ആവാഹിക്കുന്ന ഒരു സമു–ദായവും ഒരിക്കലും നശിക്കുകയില്ല. എന്നെന്നും ജീവിക്കുന്ന സമുദായമായി അവർ മാറും. മുൻ കാല ങ്ങളിൽ അതങ്ങനെയായിരുന്നു. ഇനിയുള്ള കാലവും അതങ്ങനെതന്നെയായിരിക്കും. ഇൻശാ അല്ലാഹ്. ശത്രുവിനു മുന്നിൽ ഭയചകിതരായി ഓടികളയുന്ന സമുദായങ്ങളിൽപെടുന്നവരല്ല നമ്മൾ. ഇൻശാ അല്ലാഹ്. ഓരോ വെല്ലുവിളിയും നാം നേരിടും, ഓരോ അക്രമണത്തേയും പ്രതിരോധിക്കും. സത്യ ത്തിന്റെ എതിരാളികൾ ഉപയോഗിക്കുന്ന ആയുധങ്ങൾ അല്ല നമ്മുടേത്. അവരുടെ സംസാരശൈലിയും നമ്മുടേതല്ല. ശത്രുതയുടേയും വെറുപ്പിന്റേയും തീപന്തങ്ങൾ ആളികത്തിക്കാൻ അവർ ശ്രമിക്കും. നമ്മളോ, സ്നേഹത്തിന്റെ കണ്ണുനീർകൊു ആ തീ പന്തങ്ങൾ കെടുത്താൻ ശ്രമിക്കും. നമ്മുടെ ഹൃദ–യത്തെ പിളർക്കാൻ അവർ അമ്പുകൾ തൊടുത്തുവിടും. നമ്മളാകട്ടെ, രാത്രിയുടെ യാമങ്ങളിൽ ഉണർ–ന്നെഴുന്നേറ്റ്, പ്രാർത്ഥനയുടെ അമ്പുകൾ ആകാശത്തേക്കു വിടും.

ഞാൻ ഇങ്ങനെ പ്രാർത്ഥിച്ചു "അല്ലാഹുവേ, എന്റെ ശബ്ദത്തെ ഓരോ സഹീഹിൽ ഇസ്ലാമിന്റേയും ശബ്ദമാക്കി മാറ്റേണമേ. ഓരോ സഹീഹിൽ ഇസ്ലാമിന്റേയും ഹൃദയതാളം എന്റെ ഹൃദയതാളംപോലെ ആകേണമേ. ഓരോ നെഞ്ചിലും നിന്റെ ദീനിനെ സേവിക്കുവാനുള്ള തീഷ്ണവികാരം ജ്വലിപ്പിക്കേണമേ. പ്രാവാചക പ്രഭു (സ) യുടെ പ്രകാശത്തിലേക്ക് എല്ലാ ദിശകളിലും ഉള്ള ജനങ്ങളെ വിളിക്കാൻ അവരെ പ്രാപ്തരാക്കേണമേ. പ്രകാശദർശനത്തിൽ, എരിക്കപ്പെടാൻ പോകുന്നു എന്ന വസ്തുതയെ വിസ്മരിച്ചു കൊ്, പ്രകാശത്തിന്റെ ദിശയിൽ പാഞ്ഞടുക്കുന്ന പ്രാണികളെപോലെ, മുഹമ്മദ് നബി (സ) കൊു വന്ന പ്രകാശത്തിലേക്കു മുഴുവൻ മാനവരാശിയേയും സ്നേഹച്ചങ്ങലയിൽ ആകർഷിച്ച് അടുപ്പിക്കേ ണമേ." അല്ലാഹു (ത) ഇതു സാദ്ധ്യമാക്കട്ടെ.

".നീ എന്റേതാകുന്ന നിമിഷം മുതൽ, മുഴുവൻ പ്രപഞ്ചവും നിന്റേതാകും." ഫ്രഞ്ചു ഭാഷയിൽ എനിക്കു ലഭിച്ച ഈ വെളിപ്പാട് ദൈവീകവാക്ക് തന്നെയെന്നു ഞാൻ നിങ്ങൾക്ക് ഉറപ്പു തരുന്നു. ഇതനു സരിച്ച് നിങ്ങൾ പ്രവർത്തിച്ചാൽ, അതുസത്യം തന്നെയെന്നു നിങ്ങൾക്കു ബോധ്യമാകും. ഇൻശാ അല്ലാഹ്.

അവസാനമായി, ഞാൻ മൗലവിമാരോടു പറയട്ടെ: ഹസ്രത്ത് മിർസാഗുലാം അഹമ്മദ് (അ) മനോഹര മായി പ്രകടിപ്പിച്ച ആശയങ്ങളിൽ ചിന്തിക്കുക.

"കാലം മസീഹിന്റേതായിരുന്നു, മറ്റാരുടേതും ആയിരുന്നില്ല. ഞാൻ വന്നില്ലായിരുന്നെങ്കിൽ, മറ്റാരെ ങ്കിലും വരുമായിരുന്നു."

മാർഗ്ഗദർശനം പിന്തുടരുന്നവരുടെമേൽ സമാധാനം ഉാകട്ടെ!

**Munir Ahmad Azim**
*Hazrat Khaleefathullah, Al-Maseeh Al-Maoud*

1432 മുഹർറം 12
2010 ഡിസംബർ 19

Translated by **Fazil Jamal** BAL, LLB, LLM M.Phil
**Issued by**: R. Jamaludin Raother,
Amir, Jamaat Ul Sahih Al Islam, Kerala
9447001832, 0475- 2252530,
E-mail : Jamal.raother@gmail.com
(Reg.No.A.693/2010)